(ബി) തുക ലാപ്സാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര ?

ഉത്തരം

(എ) കഴിഞ്ഞ മൂന്നുവർഷങ്ങളിലായി, പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും പ്രത്യേക സാമ്പത്തിക സഹായമായി ആകെ 8.7114 കോടി രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ, ഈ ഇനത്തിൽ സംസ്ഥാനം കഴിഞ്ഞ മൂന്നുവർഷങ്ങളിലായി 9.6864 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി, സി) ഉദിക്കുന്നില്ല.

പട്ടികജാതി—പട്ടികവർഗ്ഗക്കാർക്കുവേണ്ടി ചെലവഴിക്കാൻ മാറ്റിവച്ച തുക

362. [546] ശ്രീ. പി. വിജയദാസ് :
ശ്രീമതി റേച്ചൽ സണ്ണി പനവേലി :
ശ്രീ. ആർ. എസ്. ഉണ്ണി :
,, കെ. കെ. ബാലകൃഷ്ണൻ :
,, എ കെ. ശശീന്ദ്രൻ :
,, എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രത്യേക ഘടകപദ്ധതിയനുസരിച്ച് 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു വേണ്ടി ചെലവഴിക്കാൻ മാറ്റിവെച്ച സംഖ്യയെത്ര ;

(ബി) ഇതിൽ ചെലവായതെത്ര ;

(സി) ചെലവാക്കാൻ കഴിയാതെ പോയതെത്ര ?

ഉത്തരം

(എ, ബി, സി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് †

ഹരിജനക്ഷേമ വകുപ്പ് വിദ്യാഭ്യാസത്തിനു ചെലവാക്കിയ തുക

363. [547] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 സാമ്പത്തിക വർഷത്തിൽ ഹരിജനക്ഷേമവകുപ്പ് വിദ്യാഭ്യാസച്ചെലവുകൾക്കായി എത്ര രൂപ ചെലവാക്കി ;

(ബി) അതിൽ കുമാരപിള്ള കമ്മീഷൻ ശുപാർശ പ്രകാരം ഹരിജനങ്ങളല്ലാത്തവർക്ക് എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1986 ഫെബ്രുവരി മാസം അവസാനം വരെ 1478.137 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) 1986 ഫെബ്രുവരി അവസാനം വരെ 126.890 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

† അനുബന്ധം—IV

LIBRARY ARCHIVES Kerala Legislative Assembly